**പതിമൂന്നാം കേരള നിയമസഭ**

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3234

21/12/2012 ൽ മറുപടിക്ക്

**പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജനയിൽ കേരളത്തിന് അനുവദിക്കപ്പെട്ട ഫണ്ട് ഉപയോഗിച്ച് റോഡ് നിർമ്മിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിരുന്നുവോ ; | എ) | പി.എം.ജി.എസ്.വൈ പദ്ധതിയിൽ സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട ഫണ്ട് മാത്രം ഉപയോഗിച്ച് റോഡ് നിർമ്മിക്കാൻ കഴിയാത്ത രീതിയിൽ നിർമ്മാണ ചെലവ് വർദ്ധിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര റോഡുകൾ നിർമ്മിക്കാനുള്ള എത്ര ഫണ്ടിന് സംസ്ഥാനത്തിന് അർഹതയുണ്ടായിരുന്നു; ലഭിച്ച ഫണ്ട് എത്ര; നിർമ്മിച്ച റോഡുകൾ എത്ര; ഈ റോഡുകളുടെ നിർമ്മാണം നടത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ ; | ബി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 1173 റോഡുകൾക്കായി 97602.10 ലക്ഷം രൂപയുടെ ഫണ്ടിനാണ് സംസ്ഥാനത്തിന് അർഹതയുണ്ടായിരുന്നത്. ഇതിൽ 68830 ലക്ഷം രൂപയാണ് കേന്ദ്രസഹായമായി ലഭിച്ചത്. ഈ പദ്ധതിപ്രകാരം 711 റോഡുകളുടെ നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത്. |
| സി) | കേരളത്തിന് പ്രത്യേക പരിഗണന നല്കി നിബന്ധനകളിൽ നിന്ന് ഇളവ് സംസ്ഥാനം ആവശ്യപ്പെടുകയുണ്ടായോ; എങ്കിൽ എപ്പോൾ ; ഇളവ് ലഭിക്കുകയുണ്ടായോ ? | സി) | പി.എം.ജി.എസ്.വൈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തിന് ഇളവ് അനുവദിക്കണമെന്നും ഇപ്പോൾ അനുവദിച്ച 720 കി.മീ.ന് പുറമേ പുതിയതായി 1500 കി.മീ. കൂടി അനുവദിക്കണമെന്നും മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘം കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.<br>• 720 കി.മീ ദൈർഘ്യം വരുന്ന പുതിയ പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള അനുവാദം ലഭിച്ചി ട്ടുണ്ട്.<br>• നിബന്ധനകൾക്ക് വിധേയമായി 6 മീറ്റർ മുതൽ 7.5 മീറ്റർ വരെ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ